(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഗാർഹിക തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വവും ക്ഷേമനിധിയും

*4 [471] ശ്രീ. ബിനോയ് വിശ്വം :
,, കെ. പി. രാജേന്ദ്രൻ :
,, എൻ. രാജൻ :
,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക ജോലികൾ ചെയ്യുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഗാർഹിക ജോലികൾ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവരുടെ വിവരം ശേഖരിക്കുന്നതിനും ഇവർക്ക് രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിൽനിന്ന് സ്ത്രീകളെ ഗാർഹിക ജോലികൾക്കായി വിദേശ രാജ്യങ്ങളിലേക്ക് കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഗാർഹിക തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഇല്ല. ഈ വിഭാഗങ്ങൾക്കായി പ്രത്യേകം തൊഴിൽ നിയമങ്ങൾ ഒന്നും പാസ്സാക്കിയിട്ടില്ല. എന്നാൽ ഗാർഹിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി മിനിമം വേതനം നിശ്ചയിക്കുന്നതി നുള്ള നടപടി സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. ഇവരുടെ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വേണ്ടി നിലവിലുള്ള എമിഗ്രേഷൻ നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ആവശ്യമായ നിയമ നിർമ്മാണങ്ങൾ നടത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജസ്റ്റീസ് സുകുമാരൻ ചെയർമാനായി ഒരു കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലുള്ള എമിഗ്രേഷൻ

LIBRARY ARCHIVES Kerala Legislative Assembly

Page 1

നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതികൾ അംഗീകരിച്ച് നടപ്പിലാക്കിയാൽ മാത്രമേ ഈ വിഷയത്തിൽ സർക്കാരിന് ഫലപ്രദമായ രീതിയിൽ ഇടപെടുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുകയുള്ളു.

(ഡി) ഗാർഹിക തൊഴിലാളികൾക്ക് ക്ഷേമനിധി എന്ന നിർദ്ദേശം പരിഗണനയിലുണ്ട്.

ഐ. സി. ഡി. എസ്. മൂന്നാംഘട്ട പദ്ധതിയുടെ നടത്തിപ്പ്

*5 [472] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. സി. ഡി. എസ്. മൂന്നാംഘട്ട പദ്ധതിയുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗർഭിണികളുടേയും പാലൂട്ടുന്ന അമ്മമാരുടേയും കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടേയും പോഷക നിലവാരവും ആരോഗ്യ നിലവാരവും മെച്ചപ്പെടുത്തുന്നതിൽ ഈ പദ്ധതി എന്തുമാത്രം പ്രയോജനപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുള്ള ലോക ബാങ്ക് സഹായം പ്രതിവർഷം എത്രയാണ്;

(ഡി) സംസ്ഥാന ഗവൺമെന്റ് എന്തു തുക പ്രതിവർഷം ചെലവഴിക്കുന്നുണ്ട്; നിലവിലുള്ള പദ്ധതി ഏത് വർഷം വരെ തുടരും;

(ഇ) കേന്ദ്ര സഹായം ഇപ്പോഴത്തെ നിലയിൽ ഏതുവരെ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്) :

(എ) ഉണ്ട്.

(ബി) ഐ. സി. ഡി. എസ്. മൂന്നാംഘട്ട പദ്ധതിയിൽ ആരംഭിച്ച 43 പ്രോജക്ടുകളിലെ 6637 അംഗൻവാടികൾ വഴി പുതിയതായി ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഉൾപ്പെടെ 36354 പേർക്കും 44755 കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും

LIBRARY ARCHIVES Kerala Legislative Assembly